➪ *2013 മുതൽ ഇവർ ഉപയോഗിച്ചുവരുന്ന ഒരു കറൻസിയാണിത്* ➪

**'പണമില്ലെങ്കിൽ** പിണം' എന്ന ചൊല്ല് അന്വർത്ഥമാക്കും വിധത്തിലായിരുന്നു നവംബർ 8 അർദ്ധരാത്രി ഇന്ത്യാ ഗവൺമെന്റിന്റെ 500, 1000 നോട്ടുകൾ പിൻവലിക്കാനുള്ള തീരുമാനത്തെത്തുടർന്ന് ഇവിടെയുണ്ടായ സംഭവവികാസങ്ങൾ. ഒരു മാസം പിന്നിട്ടിട്ടും കോടിക്കണക്കിനാളുകൾ ബാങ്കുകൾക്കും എ.ടി.എമ്മുകൾക്കും മുന്നിൽ ക്യൂ നിൽക്കുന്നു, ചിലർ ക്യൂവിൽ വെച്ചുതന്നെ മരണപ്പെടുന്നു, മറ്റു ചിലർ എന്തു ചെയ്യണമെന്നറിയാതെ ആത്മഹത്യ ചെയ്യുന്നു.....നമ്മൾ സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. പണത്തിന്റെ കടിഞ്ഞാൺ കൈയിലുള്ള ഇവരുടെയൊക്കെ മുമ്പിൽ നമുക്ക് നിസ്സഹായരായി യാചിച്ചുനിൽക്കേണ്ടി വന്നതെങ്ങനെയാണ്? ജീവിതത്തിലെ സാമ്പത്തിക കാര്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്കാകില്ലേ?

# കൈയിൽ പണമില്ലാതെ വിഷമിക്കേണ്ടതുണ്ടോ?

നോട്ടുനിരോധനം പ്രഖ്യാപിക്കപ്പെട്ട നവംബർ എട്ടു മുതൽ ജനം നട്ടം തിരിയുകയാണ്. ബാങ്കിലും എ.ടി.എം കൗണ്ടറുകളും ക്യൂ അവസാനിക്കുന്നില്ല. പണത്തിന്റെ കടിഞ്ഞാൺ കൈയിലുള്ള ഇവരുടെയൊക്കെ മുമ്പിൽ ജനം നിസ്സഹായരായി യാചിച്ചുനിൽക്കേണ്ടി വന്നത് എങ്ങനെയാണ്? സാമ്പത്തിക കാര്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്കാകില്ലേ?

**അഷീഷ് കോത്താരി**

ഈ സാമ്പത്തികാടിയന്തരാവസ്ഥയുടെ സാഹചര്യം നാം മുതലാക്കുകയാണ് വേണ്ടത്. യഥാർത്ഥത്തിൽ ഇത് നമ്മളെ ബാങ്കുകളിൽ നിന്നും കോർപ്പറേറ്റുകളിൽ നിന്നും ഗവൺമെന്റിൽ നിന്നുമെല്ലാം മോചിപ്പിച്ച് കൂടുതൽ സന്തുഷ്ടരായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒന്നായിത്തീരണം. പക്ഷേ ഇവിടെ സംഗതി വേറെ തന്നെയാണ്.

ഈയടുത്ത് ലക്സംബർഗ്ഗിലെ ബെക്കറിച് കമ്മ്യൂൺ സന്ദർശിച്ചപ്പോഴാണ് 'ബെക്കി' എന്ന അവരുടെ മാത്രം കറൻസിയെക്കുറിച്ച് അറിഞ്ഞത്. 2013 മുതൽ ഇവർ ഉപയോഗിച്ചുവരുന്ന ഒരു കറൻസിയാണിത്. യൂറോയ്ക്ക് തുല്യമായ മൂല്യമുള്ള ബെക്കി പ്രാദേശികമായ കൊടുക്കൽവാങ്ങലുകൾക്കായി പ്രചാരത്തിലുള്ള കറൻസിയാണ്. ഉദാഹരണത്തിന് ആ പ്രദേശത്തെ ബേക്കറിക്കാരനിൽ നിന്നും ബ്രഡ് വാങ്ങാൻ, കർഷകരിൽ നിന്ന് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് വാങ്ങാൻ, അവർ തന്നെ ഉല്പാദിപ്പിക്കുന്ന ഹരിത ഊർജ്ജം വാങ്ങുവാനൊക്കെ ബെക്കി ഉപയോഗിക്കുന്നു. ഈ കമ്മ്യൂണിനിടയിൽ ബെക്കി കറൻസിക്ക് പ്രചാരം നൽകിയ മാക്സ് ഹിൽബെർട്ട് പറഞ്ഞത് ഇത്തരത്തിലൊരു സംവിധാനം പ്രാദേശിക ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നുവെന്നും അതിലൂടെ സുദൃഢമായ പ്രാദേശിക-സാമൂഹിക ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നുവെന്നാണ്.

ലോകമെമ്പാടും ഇത്തരത്തിലുള്ള നിരവധി സംവിധാനങ്ങൾ നിലവിലുണ്ട്. 2012-ൽ ഇംഗ്ലണ്ടിലെ ബ്രി

സ്റ്റോൾ പട്ടണത്തിൽ നിലവിൽ വന്ന ബ്രിസ്റ്റോൾ പൗണ്ട് നിലവിലെ കറൻസിക്ക് തത്തുല്യമായതും അവിടത്തെ 800-ഓളം ഔട്ട് ലെറ്റുകളിൽ ഉപയോഗിക്കാൻ കഴിയുന്നതുമാണ്. അവിടത്തെ മേയറുടെ ശമ്പളം മുഴുവൻ വാങ്ങുന്നത് ഇതേ കറൻസിയിലാണത്രേ. നികുതി അടയ്ക്കാനും പ്രാദേശികജനത ഈ കറൻസി ഉപയോഗിച്ചുവരുന്നു. പ്രാദേശികമായ ക്രയവിക്രയങ്ങൾ പരമാവധി വർദ്ധിപ്പിച്ച് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ബ്രിസ്റ്റോ പൗണ്ട് കൊണ്ടുവന്നതിന്റെ ഉദ്ദേശം എന്ന് അവരുടെ വെബ്സൈറ്റിൽ പറയുന്നു. സ്പെയിനിലെ ബാഴ്സലോണ നഗരത്തിലും ഇത്തരത്തിലൊരു സോഷ്യൽ കറൻസി നിലവിൽ വരാൻ പോകുകയാണ്. ഇത്തരത്തിൽ നിരവധി ഉദാഹരണങ്ങൾ ലോകമൊട്ടുക്കുമുണ്ട്.



**പഴയ ബാർട്ടർ സമ്പ്രദായത്തിലേക്ക്**

പണത്തിന്റെ വിനിമയം ഒഴിവാക്കി പങ്കുവെക്കൽ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള രീതികളുമുണ്ട്. ഗ്രീസിലെ ഏതൻസിൽ വെച്ച് ഞാൻ കണ്ട മെസപ്പൊട്ടേമിയ ഗ്രൂപ്പിലെ 400-ൽപ്പരം അംഗങ്ങൾ തങ്ങളുടെ വിലപ്പെട്ട സമയം അത്തരത്തിൽ പങ്കിടുന്നവരാണ്. അവരിൽ മിക്കവരും കുട്ടികൾക്കായുള്ള പ്രത്യേകപഠനകേന്ദ്രത്തിൽ സൗജന്യമായി തങ്ങളുടെ സമയം നൽകുന്നു.

സാമൂഹിക ബന്ധങ്ങൾ സുദൃഢമാക്കുന്നതിനുവേണ്ടി ബ്രിട്ടനിലെ സ്പൈസ് ടൈം ക്രെഡിറ്റ് എന്ന സംഘം പണത്തിന് പകരം താത്പര്യമുള്ള പ്രവർത്തികൾക്ക് സമയം നൽകാൻ കഴിയുന്നവരുടെ ഒരു സംഘം രൂപീകരിച്ചു. തിയേറ്ററുകളിലും മ്യൂസിയങ്ങളിലും കായികരംഗത്തും തങ്ങൾക്കിഷ്ടമുള്ള സേവന പ്രവർത്തനങ്ങളിലേർപ്പെടാനുള്ള അവസരം  സ്പൈസ് ടൈം ക്രെഡിറ്റ് ബ്രിട്ടണിലെമ്പാടും ലഭ്യമായി. ഇപ്പോൾ 25,000 അംഗങ്ങളുള്ള ഈ സംഘം 1200-ലധികം സംഘടനകളോടും സേവനങ്ങളോടും സഹകരിച്ച് ഏകദേശം 4,00,000 മണിക്കൂർ പങ്കുവെച്ച് പ്രവർത്തിക്കുന്നു.

ഏത് മേഖലയിലും കഴിവുള്ളവർക്ക് ആദരവ് നൽകുന്നുവെന്നതാണ് ഈ രീതിയുടെ ഏറ്റവും പ്രധാന പ്രത്യേകത. അതായത് ഒരു മണിക്കൂർ ഐ ടി മേഖലയിൽ ജോലി ചെയ്യുന്നതും ഒരു മണിക്കൂർ പൂന്തോട്ടത്തിൽ ജോലി ചെയ്യുന്നതും ഒരേ മൂല്യമുള്ള ജോലികളായി കണക്കാക്കപ്പെടുന്നു. സമൂഹത്തിൽ ജോലി കാരണം വിവേചനമനുഭവിക്കുന്ന ഒരു വലിയ വിഭാഗത്തെ ഈ രീതിയിലൂടെ അവർ ബഹുമാനിതരാക്കുന്നു. മാത്രമല്ല, പലിശരഹിത സംവിധാനമായതിനാൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയിലെ കടത്തിന്റെയും തിരിച്ചടക്കലിന്റെയും നൂലാമാലകളിൽ നിന്നും ഇത് മുക്തമാവുകയും ചെയ്തു.

**ഇന്ത്യയിലെ സാധ്യത**

ചെറിയ രീതിയിൽ ഇത്തരത്തിലുള്ള നിരവധി സംരംഭങ്ങൾ ഇന്ത്യയിലുമുണ്ട്. പണത്തിന് ബുദ്ധിമുട്ടുള്ളവരെ അല്ലാത്തവർ സഹായിക്കുകയും കടം കൊടുക്കുകയുമൊക്കെ ചെയ്യാറുണ്ട്. ആഗ്രയിലെ ദയാബാഗ് സത്സംഗ് സഭയിൽ നോട്ട് നിരോധനത്തിനു മുമ്പുതന്നെ പണത്തിന്റെ ഉപയോഗം വളരെയേറെ കുറച്ചിരുന്നു. ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കുമെല്ലാം വളരെ കുറച്ച് പണം മാത്രം ഈടാക്കി, പരസ്പരസഹായവും ശ്രദ്ധയും വർദ്ധിപ്പിച്ചതിലൂടെയാണ് ഇവർ ഇത് സാധ്യമാക്കിയത്.

ബാർട്ടർ രീതിയിലുള്ള കൈമാറ്റവും, വീടുകളുടെ അറ്റകുറ്റപ്പണിക്കും വിളവെടുപ്പിനും യാത്രകൾക്കും കല്യാണങ്ങൾക്കുമെല്ലാമുള്ള പരസ്പര പിന്തുണയും കൃഷിയിടങ്ങൾ പൊതുവായി സൂക്ഷിക്കുന്ന

തുമല്ലാം ഇന്ത്യയിൽ വർഷങ്ങളായി പതിവുള്ള കാര്യങ്ങളായിരുന്നു. എന്നാൽ വാണിജ്യവല്കരണത്തിന്റെയും വിപണിയുടെയുമെല്ലാം കടന്നുകയറ്റത്തോടെ സാമൂഹികബന്ധങ്ങളിൽ അസമത്വം വർദ്ധിക്കുകയും ഇത്തരത്തിലുള്ള പരസ്പരാശ്രിതത്വങ്ങൾ കുറയുകയും ചെയ്തു. എല്ലാത്തിനും പണത്താൽ മൂല്യം കല്പിച്ചുതുടങ്ങിയതോടെ സാമൂഹിക മൂല്യങ്ങളിലധിഷ്ഠിതമായ മനോഹരമായ ഒരു ലോകം നാമാവശേഷമാവുകയായിരുന്നു.

**വിശ്വാസമാണെല്ലാം**

ജനങ്ങൾ തന്നെ നടപ്പിലാക്കുന്ന നോട്ട്/ പണനിരോധനത്തിന് മാത്രമേ ഇത്തരത്തിലുള്ള സാമൂഹികബന്ധങ്ങളെ തിരിച്ചുപിടിക്കാനാവൂ. പ്രാദേശികമായി വികസിപ്പിച്ചെടുത്ത കറൻസികൾ വഴിയോ പണമല്ലാതെയുള്ള സേവന–ഉല്പന്ന കൈമാറ്റം വഴിയോ നഗരത്തിലെ അയൽക്കൂട്ടങ്ങളിൽ, ഗ്രാമക്കൂട്ടങ്ങളിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, കമ്പനികളിൽ എല്ലാം ഈ മാറ്റം കൊണ്ടുവരാൻ തീരുമാനിക്കാവുന്നതേയുള്ളൂ. ആഴ്ചയിൽ അഞ്ച് മണിക്കൂറെങ്കിലും സൗജന്യസേവനം നൽകാൻ തയ്യാറാകുന്ന, അതിന് പകരം സമാനമായ മറ്റ് സേവനങ്ങൾ ലഭിക്കുന്ന, 1,000 ആളുകളടങ്ങിയ ഒരു യൂണിവേഴ്സിറ്റിയെക്കുറിച്ച് ആലോചിച്ചുനോക്കൂ.

പ്രയാസമെന്ന് തോന്നാം, പക്ഷെ അങ്ങനെയല്ല. രാജ്യത്തെ നിരവധി സമൂഹങ്ങൾ ഇത്തരത്തിൽ കുളങ്ങൾ, തടയണകൾ, തോട്ടങ്ങൾ, യോഗസ്ഥലങ്ങൾ തുടങ്ങിയ പൊതുഇടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ കാടുകൾ, കന്നുകാലികൾ എന്നിവ സംരക്ഷിക്കുന്നതിനായി മാറിമാറി കാവൽ നിൽക്കുക, മുതിർന്ന വിദ്യാർത്ഥികൾ ഇളയവരെ പഠിപ്പിക്കുക തുടങ്ങിയ സൗജന്യശ്രമദാനങ്ങളും സേവനങ്ങളും നിരവധിയുണ്ട്. ചേരികളിലും ദുരിതാശ്വാസകേന്ദ്രങ്ങളിലും സംഗീതവും കലയും സൗജന്യമായി അഭ്യസിപ്പിക്കുന്നവരും കൈത്താങ്ങായി ഓടിയെത്തുന്ന സന്നദ്ധപ്രവർത്തകരുമെല്ലാം മികച്ച ഉദാഹരണങ്ങളാണ്. ഇതുകൊണ്ടെല്ലാം ഒരു കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥക്ക് മേലുള്ള നമ്മുടെ ആശ്രിതത്വം ഏറെ കുറയും.

എന്നാൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ നിലനിൽക്കുന്നത് പരസ്പരവിശ്വാസത്തിന്റെയും സഹായത്തിന്റെയും മികച്ച ഏകോപനത്തിന്റെയും സഹായത്തോടുകൂടെയാണ്. നമ്മുടെ സമൂഹത്തിൽ കൂടിവരുന്ന തുണ്ടുവല്കരണം, അയൽവാസികളിൽ നിന്നുപോലുമുള്ള അന്യവല്കരണം, ആളുകളെ കൂടുതൽ സ്വാർത്ഥരാക്കിക്കൊണ്ടിരിക്കുന്ന വിപണി എന്നിവയെല്ലാം ഇതിന് തടസ്സമായി നിൽക്കുന്നു. നോട്ട് നിരോധനത്തെ ചെറുക്കാനായി ആദ്യം സമൂഹങ്ങളിലെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന വിശ്വാസവും ഐക്യവും പരസ്പരസഹായവുമെല്ലാം പുനഃസ്ഥാപിക്കേണ്ടതായി വരും. ബുദ്ധിമുട്ടുള്ള ഒന്നാണെങ്കിലും ഇത് നടക്കാത്ത കാര്യമല്ല. അപരിചിതനായ ഏതോ ഒരു നിയന്ത്രിതാവിൽ വിശ്വാസമർപ്പിക്കാനാണ് കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥ നമ്മോടാവശ്യപ്പെടുന്നത്. എന്നിട്ടോ? വരാവുന്ന ഭവിഷ്യത്തുക്കൾ അനുഭവിക്കാനും, നമ്മെ സ്തബ്ധരാക്കുന്ന തലതിരിഞ്ഞ തീരുമാനങ്ങൾ ഏറ്റുവാങ്ങാനും.

വിവേചനം, ചൂഷണം, ജാതി, വർഗ്ഗം, ലിംഗം, വംശം, അപരവിദ്വേഷം തുടങ്ങി സങ്കീർണ്ണമായ പ്രശ്നങ്ങളിൽ കുരുങ്ങിക്കിടക്കുന്ന സമൂഹത്തിൽ നീതിയുറപ്പിക്കാനുള്ള പോരാട്ടങ്ങളും, സമ്പദ്‌വ്യവസ്ഥയുടെ വികേന്ദ്രീകരണവും അതിന്മേലുള്ള നിയന്ത്രണം തിരിച്ചുകൊണ്ടുവരലും എല്ലാം ഒന്നൊന്നിനോട് ചേർന്ന് മാത്രമേ ചെയ്യാനാകൂ. എന്നാൽ ലോകമെമ്പാടുമുള്ള നിരവധി സമൂഹങ്ങളിൽ പാർശ്വവല്കരിക്കപ്പെട്ട ജനസമൂഹത്തെ ശക്തിപ്പെടുത്താനും ഈ രീതി ഉപയോഗിച്ചുവരുന്നുണ്ട്. ഉദാഹരണത്തിന് കെനിയയിലെ മൊമ്പാസ ചേരികളിലെ നിവാസികളുപയോഗിക്കുന്ന 'ബംഗ്ലാ പെസ' ഒരു പ്രാദേശിക കറൻസിയാണ്. അതേസമയം ബാങ്കിങ് അടക്കമുള്ള സംവിധാനങ്ങൾ കൂടുതൽ ജനാധിപത്യരീതിയിലാക്കിക്കൊണ്ട് ഉല്പാദനോപാധികളുടെ മേൽ നിയന്ത്രണം ലഭിക്കുവാൻ ഉല്പാദകരുടെയും പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ ശ്രമങ്ങൾ നടന്നുവരുന്നുമുണ്ട്.

ആത്യന്തികമായി സാധാരണ ജനങ്ങൾ ഉല്പാദനം, ഉപഭോഗം, വിനിമയം എന്നിവയിൽ ഭരണകൂടങ്ങളിൽ നിന്നും സ്വകാര്യ കോർപ്പറേറ്റുകളിൽ നിന്നുമെല്ലാം മുക്തി നേടുകയാണെങ്കിൽ അത് നിലവിലുള്ള അധികാരസ്ഥാപനങ്ങൾക്കേൽക്കുന്ന ഏറ്റവും വലിയ തിരിച്ചടിയാകും. സ്പെയിനിലെ സെൻട്രൽ ബാങ്ക് ഇതുകൊണ്ടുതന്നെയാകും ബാർസലോണ കറൻസി ഇറക്കരുതെന്ന് ഭീഷണിപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു അട്ടിമറിശ്രമം മാത്രം മതി മേൽപ്പറഞ്ഞ ഒരു ബദൽ കറൻസിയെക്കുറിച്ചാലോചിക്കാൻ.

*(കടപ്പാട്: സ്ക്രോൾ.ഇൻ, പരിഭാഷ: സബ്ന).* ■